"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

**KSHB ശാന്തി നഗർ, തിരുവനന്തപുരം-1.**

**അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: ബി. ശ്രീകുമാർ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ജീവനക്കാര്യം- ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ.എ.എ(റ്റി)/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. സർക്കാർ ഉത്തരവ് നം.(പി) 408/71/പി.ഡി/തീയതി, 29.11.1971.
2. 31.01.2014 ലെ ഇതേ നമ്പർ ഉത്തരവ്.
3. ജോയിന്റ് ഡയറക്ടറുടെ 19.04.2013 ലെ എ2/12779/12 നമ്പരായി പ്രസിദ്ധീകരിച്ച സീനിയർ ഇൻസ്ട്രക്ടർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
4. 03.02.2014 ലെ ഇതേ നമ്പർ ഉത്തരവ്.
5. 31.10.2014 തീയതിയിലെ എ6/30535/13 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്.

---------------

**ഉത്തരവ് നമ്പർ: എ6/30535/2013 തീയതി: 01.12.2014**

വകുപ്പിൻ കീഴിലെ പെരുവ ഐ.ടി.ഐ.യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടറായ ശ്രീ.കെ.പി.പ്രഭാകരൻ 31.08.2014 തീയതിയിലും കളമശ്ശേരി വനിതാ ഐ.ടിഐ.യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീമതി.ബേബി മേരി 31.10.2014 തീയതിയിലും പെൻഷൻപറ്റി പിരിഞ്ഞത് മുഖേനയും 2 ഒഴിവുകൾ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടായിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നൽകേണ്ടതുണ്ട്.

സീനിയോരിറ്റി ക്രമനമ്പർ 395 ശ്രീ.പി.എ.സെബാസ്റ്റ്യൻ 4/2005-ൽ സ്പെഷ്യൽ പി.ഒ.റ്റി. മാത്രം പാസ്സായിട്ടുള്ളൂ എന്നും ട്രെയിനിംഗിൽ പങ്കെടുക്കാത്തതുമായ ഉദ്യോഗസ്ഥനാണെന്നും ട്രെയിനിംഗ് സെക്ഷനിൽ നിന്നും റിപ്പോർട്ട് ലഭിച്ചത് പ്രകാരമാണ് പരാമർശം (5) ലെ ഉത്തരവിൽ ടിയാന്റെ പേര് ഉൾപ്പെടുത്താതിരുന്നത്. എന്നാൽ ടിയാൻ പൂർണ്ണമായും ട്രെയിനിംഗ് പാസ്സായിട്ടുള്ളതായി വിവരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (5) ലെ ഉത്തരവിൽ ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചതും ലഭിക്കേണ്ടതുമായ ഉദ്യോഗസ്ഥരുടെ പേരു വിവരം, പ്രയോറിട്ടി,

സീനിയോറിട്ടി എന്നിവ പരിഗണിച്ച് താഴെ പട്ടികയിൽ കാണുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

പട്ടിക-1

| ക്രമനമ്പർ | പേര് | സീനിയോരിറ്റി ലിസ്റ്റിലെ നമ്പർ |
|---|---|---|
| 1. | ശ്രീ.എസ്.ആർ.സജീവ്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ മാള | 515 ഡിഗ്രി |
| 2 | ശ്രീ.പി.എ.സെബാസ്റ്റ്യൻ സീനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ കളമശ്ശേരി. | 395 ജനറൽ |
| 3 | ശ്രീ.രാജൻ ചെട്ടിയാർ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ ദേശമംഗലം | 396 ജനറൽ |
| 4 | ശ്രീമതി.അരവിന്ദകുമാരി ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ ധനുവച്ചപുരം | 399 ജനറൽ |
| 5 | ശ്രീ.പി.രാജീവ് സീനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ മാള | 404 ഡിപ്ലോമ |

സൂചന (3) ആയി പ്രസിദ്ധീകരിച്ചിരിക്കുന്ന ഇൻസ്ട്രക്ടർമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സീനിയർ ഇൻസ്ട്രക്ടർമാർക്ക് ജി.ഒ. (പി) 408/പി.ഡി. തീയതി 29.11.1971 ആയി പ്രസിദ്ധീകരിച്ച കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം (3) (1) പ്രകാരവും കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958; പാർട്ട് രണ്ടിലെ പൊതുചട്ടം 29 (ബി) (1) പ്രകാരവും 16980-31360 എന്ന ശമ്പള സ്കെയിലിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ.എ.എ.(റ്റി)/റ്റി.എ. തസ്തികയിലേയ്ക്ക് താത്ക്കാലികമായി സ്ഥാനക്കയറ്റം നൽകി ടിയാളുകളുടെ പേരിനു നേരെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

പട്ടിക-(2)

| ക്രമനമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ നമ്പർ | പേര് | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 515 | ശ്രീ.എസ്.ആർ.സജീവ് | ഐ.ടി.ഐ. മാള |
| 2 | 395 | ശ്രീ.പി.എ.സെബാസ്റ്റ്യൻ | (വനിത) ഐ.ടി.ഐ. കളമശ്ശേരി |
| 3 | 396 | ശ്രീ.രാജൻ ചെട്ടിയാർ | ഐ.ടി.ഐ. ദേശമംഗലം |
| 4 | 399 | ശ്രീമതി.അരവിന്ദകുമാരി | ഐ.ടി.ഐ. ധനുവച്ചപുരം |
| 5 | 404 | ശ്രീ.പി.രാജീവ് | ഐ.ടി.ഐ. പെരുവ |

ക്രമ നമ്പർ 2,5-ൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിയ്ക്കേണ്ടതുമാണ്. ടി ഉദ്യോഗസ്ഥർ ജി.ഒ (പി) നം.145/2006/ഫിൻ തീയതി 25.03.2006 പ്രകാരം സേവനത്തിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ നൽകേണ്ടതുമാണ്. ഈ ഉത്തരവു പ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ സീനിയോറിട്ടി പട്ടിക 2-ൽ ക്രമീകരിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:-1. പ്രിൻസിപ്പാൾ ഗവൺമെന്റ് ഐ.ടി.ഐ, മാള, (വനിത) കളമശ്ശേരി, ദേശമംഗലം, ധനുവച്ചപുരം, പെരുവ, പുല്ലൂർ
2. വകുപ്പ് വെബ് സൈറ്റ്
3. എഡിറ്റി/ജെഡിറ്റി (സിഎ)
4. എ6 സെക്ഷൻ (കരുതൽ ഫയൽ)